# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3555 | 17.12.2015 -ൽ മറുപടിക്ക്

### പി.എസ്.സി.യിലെ ബൈട്രാൻസ്ഫർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഇന്ത്യയിലെ തന്നെ ഏറ്റവും വിശ്വാസ യോഗ്യമായ കേരള പി.എസ്.സി. അടുത്തകാലത്തായി ജീവനക്കാർക്കെതിരെ ചട്ടവിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്നതും, പരീക്ഷ നടത്തിപ്പ സംബന്ധിച്ച ക്രമക്കേടുകളുടെ വിവരങ്ങളും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) ഇല്ല. |
| (ബി) താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 2005-ൽ 2 ശതമാനവും 2010-ൽ 4 ശതമാനവും ആണ് അസിസ്റ്റന്റായി പ്രമോഷൻ നൽകിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി നോട്ട് എഴുതി കമ്മീഷനെ തെറ്റി ധരിപ്പിച്ച് തീരുമാനം എടുപ്പിച്ചതുമൂലം 2011 ഫെബ്രുവരിയിൽ പി.എസ്.സി യിൽ ഒരു ഉദ്യോഗസ്ഥന്, ഈ വിഭാഗം ജീവനക്കാർക്ക് ലഭിച്ചിരുന്ന ബൈട്രാൻസ്ഫർ പ്രമോഷൻ കഴിഞ്ഞ മൂന്ന് വർഷമായി 125 അസ്സിസ്റ്റന്റ് ഒഴിവുവന്നിട്ടും ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കുകയും സർക്കാർ നിശ്ചയിച്ച ശതമാനത്തിൽ ടി പ്രമോഷൻ നല്കുകയും ചെയ്യുമോ ? | (ബി) അസിസ്റ്റന്റ് തസ്തികയിലേക്ക് താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി പ്രത്യേക ക്വാട്ട അനുവദിച്ചു കൊണ്ട് നിലവിലുള്ള സർക്കാർ ഉത്തരവ് GO(MS)No.196/10/GAD തീയതി 17.05.2010 പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്തിന്റെ 4%മാണ് തസ്തികമാറ്റം വഴി താഴ്ന്ന ശമ്പള വിഭാഗക്കാർക്ക് നൽകുന്നത്. പി.എസ്.സിയിലെ അസിസ്റ്റന്റ് സ്ട്രെങ്ത് ആയ 227 ന്റെ 4% ആയ 9 പേർക്ക് 2010 ലെ സർക്കാർ ഉത്തരവിന് ശേഷം താഴ്ന്ന ശമ്പള വിഭാഗത്തിൽ നിന്നും തസ്തിക മാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്. ഇതിൽ ഉദ്യോഗസ്ഥക്കയറ്റം, വിട്ടുതൽ, വിരമിക്കൽ എന്നിവമൂലം പ്രാതിനിധ്യത്തിൽ കുറവ് വരുന്നമുറയ്ക്ക് തുടർ നിയമനം നൽകുന്നതാണ്. നിലവിലെ സർക്കാർ ഉത്തരവിന് വിരുദ്ധമായി നിയമനങ്ങൾ നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ